# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *169    03.10.2016 - ൽ മറുപടിയ്ക്ക്

### പി.എ.പി. കരാർ

**ചോദ്യം**

**മറുപടി**

ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. സി. കെ. നാണു
**ശ്രീ. കോവൂർ കുഞ്ഞുമോൻ**
**ശ്രീ. തോമസ് ചാണ്ടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) പറമ്പിക്കുളം - ആളിയാർ പ്രോജക്റ്റ് കരാർ പ്രകാരം ഈ ജലവർഷത്തിൽ 15.09.2016 വരെ ഓരോ പക്ഷത്തിലും (ഫോർട്ട്നൈറ്റ്) കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവെത്രയാണെന്ന് അറിയിക്കുമോ ;

(എ) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ (പി.എ.പി.) നിന്നും കേരളത്തിന് 15.09.2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലത്തിന്റെ അളവ് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ദ്വൈവാരം | ജൂലൈ I | ജൂലൈII | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്റ്റംബർ I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിക്കേണ്ട ജലം (എം. സി. എഫ്. ടി. യിൽ) | 130 | 130 | 250 | 160 | 510 | 1180 |

(ബി) ഈ കാലയളവിൽ ലഭിച്ച ജലത്തിന്റെ അളവെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ (പി.എ.പി.) നിന്നും കേരളത്തിന് 15.09.2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിച്ച ജലത്തിന്റെ അളവ് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ദ്വൈവാരം | ജൂലൈ I | ജൂലൈII | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്റ്റംബർ I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിച്ച ജലം (എം. സി. എഫ്. ടി. യിൽ) | 130 | 50 | 152 | 160 | 314 | 806 |

| | | |
|---|---|---|
| (സി) വെള്ളം കിട്ടാത്തതുമൂലം ഇരുപതിനായിരത്തിലധികം ഏക്കർ നെൽ കൃഷിയും മറ്റുവിളകളും ഉണക്ക ഭീഷണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഒന്നാംവിള കൃഷിക്ക് ആവശ്യമായ ജലം ലഭിച്ചിട്ടുണ്ട്. രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) കരാറുപ്രകാരം തമിഴ് നാട്ടിൽ നിന്നും വെള്ളം കിട്ടാൻ ബാക്കിയുണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ ? | (ഡി) | പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി (540 ക്യൂസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർ തലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്നും, പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 350 - 400 ക്യൂസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ് നാട് സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ